ആദ്യത്തെ കൃഷിക്കാരൻ.

മനുഷ്യ പരിണാമവും പുരോഗതിയും പ്രത്യക്ഷമായി പ്രകടമാകുന്ന ചില നാഴികക്കല്ലുകൾ ചരിത്രത്തിലുണ്ട്. വാനരത്തിൽനിന്ന് ഭിന്നനായിത്തീർന്ന മനുഷ്യൻ, പിൽക്കാലത്ത് ആർജ്ജിച്ച നേട്ടങ്ങൾ അവന്റെ തനതായ സവിശേഷതകളെ പരിപോഷിപ്പിക്കുന്നതിന് ഏററവും അധികം സഹായിച്ചു. പ്രകൃതിയിലെ ജീവികളെല്ലാം ഇരതേടി കിട്ടുന്നതുകൊണ്ട് അഷ്ടികഴിക്കുന്നവയാണ്. കാട്ടിലെ കായ്കനികളും കിഴങ്ങുകളും കണ്ടെത്തി കയ്യെത്തുക്കി വിശപ്പടക്കുകയോ, സൗകര്യപ്രദമായി കണ്ടുപിടിക്കുന്ന ഇരയെ കീഴടക്കി ആഹരിക്കുകയോ ആണ് മനുഷ്യനൊഴിച്ച് പ്രകൃതിയിലെ മററെല്ലാ ജീവജാതികളും ചെയ്യുന്നത്. ഇതിൽനിന്നും ഭിന്നമായി തനിക്കാവശ്യമുള്ള വിഭവങ്ങൾ സ്വന്തം നിയന്ത്രണത്തിൽ ഉൽപ്പാദിപ്പിച്ച് ഇഷ്ടാനുസരണം ഉപയോഗപ്പെടുത്തുവാനുള്ള വഴി കണ്ടെത്തിയപ്പോൾ, മനുഷ്യൻ മററുജീവജാലങ്ങളിൽനിന്ന് മാറി സ്വന്തം സരണിയിൽ നിന്നു. മനുഷ്യചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു വ്യതിയാനമാണ് ഇത് കുറിക്കുന്നത്. ഏതാണ്ട് 12,000 കൊല്ലങ്ങൾക്കുമുമ്പാണ് ഇങ്ങനെ സംഭവിച്ചത്. ശേഖരണമല്ല, മറിച്ച് ഉല്പാദനത്തിലൂടെയുള്ള സമ്പാദനമായി മനുഷ്യന്റെ ആഹാരത്തിന്റെയും സമ്പത്തിന്റെയും അടിസ്ഥാനം. ഇതിനുമുമ്പ് മററു ജീവജാലങ്ങളെപ്പോലെ മനുഷ്യൻ കഴിഞ്ഞിരുന്നത് ഏതാണ്ട് രണ്ടു ദശലക്ഷം വർഷങ്ങളോളം വരുമെന്ന് നാം ഓർമ്മിക്കണം. മനുഷ്യൻ വ്യത്യസ്തനായതിന്റെ ചരിത്രത്തിന് 12,000–10,000 വർഷത്തെ കഥയേ പറയാനുള്ളു!

വന്യസസ്യങ്ങളിൽ ഏററവും ഉപയോഗപ്രദമായ ചില ജാതികളെ കൃഷിവിളകളാക്കി രൂപാന്തരപ്പെടുത്തിയത് തികച്ചും ആകസ്മികമായിട്ടായിരിക്കാം. ലോകത്തിലെ വിഭിന്ന ജനസമൂഹങ്ങൾ സ്വാതന്ത്ര്യമായി തന്നെ ഏതാണ്ട് ഒരേ കാലഘട്ടത്തിൽ അത് കണ്ടുപിടിച്ചു എന്നുള്ളത് വിസ്മരിച്ചുകൂടാ. അത് എന്തുകൊണ്ട്, സംഭവിച്ചു എന്നുള്ള ചോദ്യത്തിന് മറുപടി കാണേണ്ടതായിട്ടാണിരിക്കുന്നത്. ലോകത്തിൽ വിഭിന്ന മേഖലകളിൽ പരിവർത്തനത്തിന്റെ ശംഖൊലിയുയർത്തിയത് ആദ്യത്തെ കൃഷിക്കാരാണ്. കൃഷിപ്പണി ഒററപ്പെട്ട ലളിതമായ ഒരു നടപടിയല്ല. മററു പല രംഗത്തുമുള്ള പുരോഗതി സമഞ്ജസമായി സമ്മേളിച്ചാലേ കൃഷിക്ക് പുരോഗതിയുള്ളൂ. പണിയായുധങ്ങളുടെ നിർമ്മാണം, വളർത്തുമൃഗങ്ങളുടെ പരിപാലനം, കാലാവസ്ഥ സംബന്ധിച്ച മൗലിക പരിജ്ഞാനം, വിഭവങ്ങളുടെ സംഭരണം സംബന്ധിച്ച അറിവ്, ഇങ്ങനെ പലതും ഇല്ലെങ്കിൽ കൃഷിക്ക് നിലനില്പില്ല. അതിന്റെ അർത്ഥം മനുഷ്യന് ബഹുമുഖമായ വിജ്ഞാന സമ്പാദനം ഒഴിച്ചുകൂടാനാവാത്ത ആവശ്യമായി. സമൂഹത്തിലെ അംഗങ്ങൾക്കെല്ലാം അവരവരുടെതായ പങ്ക് വഹിക്കാനുള്ള അവസരവും ഉളവായി. വിഭിന്ന വിഷയങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളവർ ആവശ്യമായിത്തീരുന്നതിനുള്ള സാഹചര്യങ്ങളും വളർന്നു.

കൃഷിപ്പണിയിലൂടെ കൂടുതൽ വിഭവ സമ്പത്ത് ന്യായമായും മനുഷ്യനു സിദ്ധിച്ചു. ആഹാരത്തിനു വേണ്ടിമാത്രം ജീവിതം വിനിയോഗിച്ചിരുന്നവർക്ക്, വിഭവങ്ങൾ വേണ്ടുവോളം മിച്ചമായി വയ്ക്കുവാൻ സാധിച്ചതോടെ, ഒഴിവുകാലം കിട്ടി. ഈ വിശ്രമാവേളകൾ, പ്രതിഭയും പ്ര[illegible]ത കൗതുകവും കൂടുതലുള്ളവർ, തികച്ചും നൂതനമായതെങ്കിലും മനുഷ്യസഹജമായ കാര്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തിയത്. കലയും സാഹിത്യവും സാങ്കേതിക വിദ്യകളും ശാസ്ത്രവുമൊക്കെ ഇപ്രകാരമുണ്ടായ കനികളാണ്. ജനസംഖ്യയിൽ ഗണ്യമായ വർദ്ധനയുണ്ടായതും ഈ കാലത്തിനു ശേഷമാണ്. ഈ ജനപ്പെരുപ്പവും സ്ഥിരവാസത്തിലുള്ള നിർബന്ധവും ഗ്രാമങ്ങളും പട്ടണങ്ങളും സൃഷ്ടിച്ചു. ഇവയിൽ പലതും പിൽക്കാലത്ത് സംസ്കാരകേന്ദ്രങ്ങളായി.


പശ്ചിമേഷ്യയിൽ ആദ്യമായി രൂപം കൊണ്ട സങ്കേതങ്ങൾക്ക് 9000–8000 കൊല്ലക്കാലത്തെ പഴക്കം പറയാം. ജോർദാനിലെ ജെറിക്കോ (Jericho) ദക്ഷിണ ടർക്കിയിലെ കാററൽ ഹ്യൂയുക് (Catal Huyuk) എന്നിവയാണത്രേ ഏററവും പ്രാചീനമായവയായി ഇന്നറിയപ്പെടുന്നത്

നവ പ്രസ്തരയുഗമെന്ന് വിവക്ഷിക്കപ്പെടുന്ന അതിപുരാതന കാലത്തെ പരിവർത്തനങ്ങൾ, പശ്ചിമേഷ്യൻ പ്രദേശത്തു നിന്ന്, ഗോതമ്പു കൃഷി യൂറോപ്പിലേക്ക് വ്യാപിക്കുന്നതിന് ഇടയുണ്ടാക്കി. ബി സി 4000 ആയപ്പോഴേക്ക്, അത് നോർത്ത് സീ തീരം വരെ ചെന്നെത്തി അവിടെ നിന്ന് ഇംഗ്ലണ്ടിലെത്തുവാൻ പിന്നെയും ഏതാണ്ട് അഞ്ഞൂറോളം കൊല്ലം വേണ്ടിവന്നു

നെൽകൃഷിക്ക് കളമൊരുക്കിയ ആദ്യത്തെ നാട് ഭാരതമാണ്. ബി സി 3000 കൊല്ലങ്ങൾക്കുമുമ്പ് തഞ്ചാവൂർ, ഒറീസായിലെ ചില പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വന്യസസ്യത്തെ കൃഷി വിളയായി രൂപപ്പെടുത്തി. ദക്ഷിണേഷ്യയിലെ മററു ചില സ്ഥലങ്ങളിലും ഇതുപോലെ സംഭവിച്ചിട്ടുണ്ടെന്നാണ് അനുമാനം. ഇവിടങ്ങളിൽ നിന്നാണത്രേ ചൈനയിലേയ്ക്കും മററും നെൽകൃഷി വ്യാപിച്ചത്. ആടിനേയും കോലാടിനെയും പെരുക്കി വളർത്തിത്തുടങ്ങിയത് ബി. സി 9–ാം നൂററാണ്ടിൽ മെസെപ്പൊട്ടേമിയയിലാണ്.

അമേരിക്കൻ മേഖലയിൽ കൃഷി തുടങ്ങിയത് പ്രാചീന മെക്സിക്കോയിലാണ്. വററൽമുളകും, പ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്



വർഗ്ഗങ്ങളും 9000 കൊല്ലങ്ങൾക്കുമുമ്പ് അവിടെ കൃഷിചെയ്തു തുടങ്ങിയത്രെ. അതിനുശേഷം 2000 കൊല്ലംകഴിഞ്ഞിട്ടേ ചോളം കൃഷിചെയ്യാൻ തുടങ്ങിയുള്ളു. പെറു, ബൊളീവിയ തുടങ്ങിയ മേഖലകളിൽ ഉരുളക്കിഴങ്ങ് കൃഷി വ്യാപിച്ചു. തെക്കെഅമേരിക്കയിലെ ഓറിനോക്കൊ ആമസോൺ നദീതടങ്ങളിൽ 4000–3000 വർഷങ്ങൾക്കുമുമ്പ് മധുരക്കിഴങ്ങുകൃഷി ആരംഭിച്ചു. ഈ പ്രദേശങ്ങളൊക്കെ പിടിച്ചെടുത്ത വെള്ളക്കാരാണ് ചോളം ഉരുളക്കിഴങ്ങ് തുടങ്ങിയ വിളകൾ ലോകത്തിലെ ഇതര നാടുകളിലേക്ക് പിൽക്കാലത്ത് പ്രചരിപ്പിച്ചത്. സ്പെയിൻകാരും, ഇംഗ്ലീഷുകാരും ഗോതമ്പ് അമേരിക്കയിലും എത്തിച്ചു. അമേരിക്കൻ വൻകരയിൽ നിന്ന് അന്യനാടുകളിലേക്ക് വ്യാപിച്ചിട്ടുള്ള വിളകളുടെ എണ്ണം അതിവിപുലമായ ഒന്നാണ് എന്നു മാത്രമേ ഇവിടെ പറയുന്നുള്ളു. സസ്യങ്ങളുടെ ദേശാന്തരപ്രചാരത്തിന് ഏററവും വലിയ സഹായം നൽകിയത് മനുഷ്യരാണെന്ന് ഇവിടെ സ്മരിക്കട്ടെ.

—...